(ബി) പ്രവൃത്തി ത്വരിതപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം എന്നറിയിക്കുമോ ;

(സി) അപ്രോച്ച് റോഡിന്റെ പണി പൂർത്തിയായിട്ടുണ്ടോ ;

(ഡി) മാറാട് പ്രശ്നം കണക്കിലെടുത്ത് നിർമ്മാണപ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കി രണ്ടു വർഷത്തിലേറെയായി അടച്ചിട്ട മീഞ്ചന്ത-ബേപ്പൂർ റോഡ് തുറന്നു കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. അപ്രോച്ച് റോഡിന്റെ പണികൾ 90% പൂർത്തിയായിട്ടുണ്ട്. റെയിൽവേ സുരക്ഷാ കമ്മീഷണറുടെ അനുമതി ലഭിക്കാത്തതിനാൽ മേൽപ്പാലത്തിന്റെ പണികൾ ആരംഭിച്ചിട്ടില്ല. അനുമതി നേടിയെടുക്കുന്നതിനായി ശ്രമിച്ചു വരുന്നു.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

കുളത്തുപ്പുഴ-അഞ്ചൽ-പുനലൂർ റോഡിന്റെ വികസനം

68 (665) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന കുളത്തുപ്പുഴ-അഞ്ചൽ-പുനലൂർ റോഡിന്റെ വികസന പദ്ധതി ഏത് ഘട്ടത്തിലാണ് ;

(ബി) ഇതുവരെ എത്ര തുകയുടെ പണികൾ നടന്നു ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കുളത്തുപ്പുഴ-അഞ്ചൽ-പുനലൂർ റോഡ് രണ്ടാം വർഷ മെയിന്റനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സെലക്ഷൻ നോട്ടീസ് കൊടുത്തു. ഇതുവരെ പണികൾ ആരംഭിച്ചിട്ടില്ല. പണി 2004 ഡിസംബറിൽ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

റോഡ് വീതികൂട്ടാൻ നടപടി

69 (666) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ സംസ്ഥാന ഹൈവേയായ പുതിയങ്ങാടി-ഉള്ളിയേരി റോഡിൽ പറമ്പത്തങ്ങാടിക്കും അണ്ടിക്കോടങ്ങാടിക്കും മദ്ധ്യേ റോഡ് വീതി കുറവായതുകൊണ്ട് പലപ്പോഴും ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഭാഗത്ത് റോഡ് വീതികൂട്ടുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly